(vi) അളവുതൂക്ക് നിയമങ്ങൾ പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിനായും ഉപഭോക്തൃ സംരക്ഷണം നടപ്പിലാക്കുന്നതിന്റെ ഭാഗമായും ഏഴ് ഫ്ളയിംഗ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ഇത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി ആന്റ് സി) വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയ്ക്കുള്ള അപേക്ഷാ നടപടിക്രമം ലഘൂകരിക്കാൻ നടപടി

*30 [300] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെന്റ് നടത്തുന്ന മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയ്ക്കുള്ള അപേക്ഷ യഥാസമയം ആവശ്യമായ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കി അയയ്ക്കുന്നതിന് വിദ്യാർത്ഥികളും രക്ഷിതാക്കളും അനുഭവിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനറൽ കാറ്റഗറിയിൽപ്പെട്ടവർ 3 സർട്ടിഫിക്കറ്റുകളും റിസർവേഷന് അർഹതയുള്ളവർ 7 സർട്ടിഫിക്കറ്റുകളും അപേക്ഷയോടൊപ്പം സമർപ്പിക്കാൻ ആവശ്യപ്പെടുന്നത് അപേക്ഷകർക്ക് ബുദ്ധിമുട്ടുണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി/പിന്നോക്ക വിഭാഗങ്ങൾക്ക് അപേക്ഷ അയയ്ക്കുന്നതിന് ഇത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നത് പരിഗണിച്ച് ഇപ്പോഴുള്ള അപേക്ഷാ നടപടിക്രമം ലഘൂകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) 70,000-ത്തിലധികം കുട്ടികൾ പരീക്ഷയെഴുതിയാൽ 20,000 കുട്ടികളാണ് പ്രവേശനത്തിന് അർഹരാകുന്നതെന്ന കാര്യം പരിഗണിച്ച് അർഹരാകുന്നവരോട് മാത്രം സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കാൻ ആവശ്യപ്പെടുന്ന രീതിയിൽ അപേക്ഷ പരിഷ്കരിക്കുമോ;

(ഇ) പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളുടെ സൗകര്യം മുൻനിർത്തി ആൾ ഇന്ത്യാ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയുടെ മാതൃകയിൽ പ്രസ്തുത പരീക്ഷയുടെ നടത്തിപ്പും പരിഷ്ക്കരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി പരാതി ഉന്നയിച്ചിട്ടീല്ല.

(ബി) പരാതികൾ ലഭിച്ചതായി കാണുന്നില്ല.

(സി) ഓരോ വർഷവും നടപടി ക്രമങ്ങൾ പരമാവധി ലഘൂകരിക്കാൻ നടപടി സ്വീകരിക്കാറുണ്ട്.

(ഡി) ഫലപ്രഖ്യാപനത്തിനുശേഷം സംവരണാനുകൂല്യങ്ങൾ അനുവദിക്കുന്ന രീതി പരാതികൾക്ക് വഴിതെളിക്കുമെന്നതിനാൽ ഈ നിർദ്ദേശം പ്രായോഗികമാണെന്ന് തോന്നുന്നില്ല.

(ഇ) ഇപ്പോഴത്തെ പരീക്ഷാ നടത്തിപ്പ് കാര്യക്ഷമമാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാന അവകാശത്തിലുള്ള റവന്യൂ ഭൂമി

1 [1289] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനഅവകാശത്തിലുള്ള റവന്യൂ ഭൂമി സംസ്ഥാനത്തിന് പുറത്ത് എവിടെയെല്ലാം ഉണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ പ്രദേശങ്ങൾ ആർക്കെല്ലാം പാട്ടത്തിനും മറ്റ് ആവശ്യങ്ങൾക്കും നൽകിയിട്ടുണ്ട് എന്നതിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) ഇവരിൽ കുടിശ്ശിക വരുത്തിയവർ ആരെല്ലാം എന്നും എന്ത് തുക കുടിശ്ശികയുണ്ടെന്നുമുള്ളതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) തമിഴ്നാടിന്റെ ഭാഗമായ കന്യാകുമാരി ജില്ലയിലുൾപ്പെടെ എത്ര റവന്യൂ ഭൂമി സർക്കാരിന്റെ രേഖയിലുണ്ട്;

(ഇ) പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) ഈ പ്രദേശങ്ങൾ അന്യാധീനപ്പെട്ടു കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഈ ഭൂമി സർക്കാരിന്റെ നിയന്ത്രണാവകാശത്തിൽ കൊണ്ടു വരാൻ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly